# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2080**

**05.05.2017-ൽ മറുപടിയ്ക്ക്**

## സർക്കാർ ഉടമസ്ഥതയിൽ ഗ്രാമീണ മിനി തീയേറ്ററുകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) ലോകോത്തര സിനിമകൾ ഗ്രാമീണ ജനതയെ പരിചയപ്പെടുത്തുന്നതിനും സിനിമാ ആസ്വാദനവും ചർച്ചയും നടത്തുന്നതിനും വേണ്ടി സർക്കാർ ഉടമസ്ഥതയിൽ ഗ്രാമീണ മിനി തീയേറ്ററുകളും ഓപ്പൺ ഫോറത്തിനുള്ള വേദികളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (എ) നല്ല സിനിമകളുടെ പ്രദർശനത്തിനായി ഗ്രാമീണ മേഖലയിലുൾപ്പെടെ കേരളത്തിലുടനീളം സിനിമാ തീയേറ്ററുകൾ നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ 100 കോടി രൂപ ചെലവിൽ ഈ വർഷം തന്നെ ആകെ 25 സ്ക്രീനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യപങ്കാളിത്തത്തോടെ തീയേറ്ററുകൾ സ്ഥാപിക്കാനുള്ള സാധ്യതയും ആലോചിക്കുന്നുണ്ട്. |
| (ബി) ഗ്രാമീണ മേഖലയിലെ സാംസ്കാരിക നിലയങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുമോ; വിശദീകരിക്കുമോ? | (ബി) ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ